# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **T 3697** 11.12.2018-ന് മറുപടിയ്ക്ക്

## ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ

**ചോദ്യം**

**ശ്രീ. ജോൺ ഫെർണാണ്ടസ് :**

(എ) ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 24.01.2017-ൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ ;

(ബി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

**മറുപടി**

**ശ്രീ. എ. കെ. ബാലൻ**

(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

(എ) യും (ബി) യും

ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 24.01.2017 -ൽ നടന്ന യോഗ തീരുമാനങ്ങളിൽ ഐറ്റം നമ്പർ 1, 2 പ്രകാരം പിന്നാക്ക വിഭാഗ കമ്മീഷൻ പരിശോധിച്ചു വരുന്നു. ഇക്കാര്യങ്ങളിൽ നടപടി സ്വീകരിക്കുന്നതിന് കേരളത്തിലെ ജാതി /സമുദായങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ സർവ്വേ റിപ്പോർട്ടും, സർക്കാർ, സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ ജാതികൾക്കുള്ള പ്രാതിനിധ്യത്തെക്കുറിച്ചുള്ള വിവരങ്ങളും അത്യന്താപേക്ഷിതമാണ്.

3 -ാമത്തെ ഐറ്റത്തിൽ പറയുന്ന സ്കൂൾ അപ്ഗ്രേഡേഷൻ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം V ചട്ടം 2, 2 എ-യിൽ പ്രതിപാദിച്ചിട്ടുള്ള നടപടി ക്രമങ്ങൾ പാലിച്ച് വിദ്യാഭ്യാസ ആവശ്യകതയുള്ള പ്രദേശങ്ങൾ കണ്ടെത്തി തുടർ നടപടികൾ കൈകൊണ്ട് മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. നടപടിക്രമങ്ങൾ പാലിക്കാതെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നിലവിൽ അനുമതി നൽകാൻ നിർവ്വാഹമില്ല.

(....2)

4 -ാമത്തെ ഇനമായ എം.എൽ.എ. ഫണ്ട് വിനിയോഗം പൊതുഭരണ വകുപ്പിന്റെ പരിശോധനയിലാണ്. 5, 6 ഇനങ്ങളിൽ ആംഗ്ലോ ഇന്ത്യൻ സാംസ്കാരിക നിലയം പണിയുന്ന ആവശ്യത്തിലേയ്ക്കായി എറണാകുളം ജില്ലയിൽ 25 സെന്റിൽ കുറയാത്ത റവന്യൂ ഭൂമി കണ്ടെത്തി വിവരം സർക്കാരിൽ അറിയിക്കാൻ കൊല്ലം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൊല്ലം ജില്ലയിലെ തങ്കശ്ശേരി പ്രദേശത്തെ സംരക്ഷണം സംബന്ധിച്ച വിഷയത്തിൽ പുരാവസ്തു വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. മാളയിലെ യഹൂദ സ്മാരകങ്ങൾ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 24.01.2017-ലെ, മിനുട്ട്സ് അനുബന്ധമായി ചേർക്കുന്നു.

Bindu T

സെക്ഷൻ ഓഫീസർ

**ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് ബഹു. പട്ടികജാതി/പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമ സാംസ്കാരിക നിയമവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 24.01.2017-ന് ചേർന്ന യോഗത്തിന്റെ നടപടി കുറിപ്പ്**

യോഗം 12.00-ന് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു

1. ആംഗ്ലോ ഇന്ത്യൻ പ്രതിനിധികൾ സമർപ്പിക്കുന്ന നിവേദനങ്ങളെല്ലാം കേരള പിന്നാക്ക വിഭാഗ കമ്മീഷന് നൽകാൻ തീരുമാനിച്ചു. 3 മാസത്തിനുള്ളിൽ തീരുമാനമെടുക്കുന്നതിന് കമ്മീഷനോട് ആവശ്യപ്പെട്ടു നാതിനും തീരുമാനിച്ചു.
2. ആർട്സ് & സയൻസ് കോളേജുകളിലെ ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് L.C/SIUC വിഭാഗക്കാരോടൊപ്പം ആംഗ്ലോ ഇന്ത്യൻസിനെ കൂടി ഉൾപ്പെടുത്തി 1% സംവരണം അനുവദിക്കുന്നതിനെക്കുറിച്ച് പഠിക്കുന്നതിനായി അപേക്ഷ കേരളാ സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന് കൈമാറുവാൻ തീരുമാനിച്ചു.
3. ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിന്റെ കീഴിലുള്ള 18 എയ്ഡഡ് സ്കൂളുകളെ ഹൈസ്കൂളുകളാക്കി upgrade ചെയ്യുന്ന വിഷയം പൊതുവിദ്യാഭ്യാസ വകുപ്പ് പരിശോധിക്കുന്നതാണ്.
4. ആംഗ്ലോ ഇന്ത്യൻ പ്രതിനിധിയായ എം. എൽ.എ. യുടെയും എം.പിയുടേയും ഫണ്ടിൽ നിന്നും നിശ്ചിത ശതമാനം സോഷ്യൽ മാപ്പിംഗിലൂടെ ആംഗ്ലോ ഇന്ത്യൻ ഗുണഭോക്താക്കളുടെ ക്ഷേമത്തിനായി ലഭ്യമാക്കുന്നതിന് പൊതുഭരണ വകുപ്പിലേക്ക് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.
5. എറണാകുളം ജില്ലയിൽ 25 സെന്റിൽ കുറയാത്ത റവന്യൂ ഭൂമി ലഭിക്കുകയാണെങ്കിൽ ആംഗ്ലോ ഇന്ത്യൻ സാംസ്കാരികനിലയം പണിയുന്നതിന് പ്രൊപ്പോസൽ റവന്യൂ വകുപ്പിന് നല്കുവാൻ തീരുമാനിച്ചു.
6. കൊല്ലം ജില്ലയിലെ തങ്കശ്ശേരി പ്രദേശത്തെ പോർച്ചുഗീസ് സെമിത്തേരി ഹെറിറ്റേജ് സംരക്ഷണവും മാള, കുരുകുറ്റി സെന്റ്ഫ്രാൻസിസ് ചർച്ചിന്റെ അവശിഷ്ട സംരക്ഷണം, സ്മാരക സംരക്ഷണം എന്നിവയിൽ നടപടി കൈക്കൊള്ളുന്നതിനായി സാംസ്കാരിക

[illegible] ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

യോഗം 12-40-ന് അവസാനിച്ചു.

**<u>യോഗത്തിൽ പങ്കെടുത്തവർ</u>**

1. ശ്രീ.ജോൺ ഫെർണാണ്ടസ് എം.എൽ.എ.
2. ശ്രീമതി ഷീല തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണവകുപ്പ്
3. ശ്രീ അലി അസ്ഗർ പാഷ, ഡയറക്ടർ, ന്യൂനപക്ഷ വകുപ്പ്
4. ശ്രീ. ദിലീപ്ഖാൻ, ജോയിന്റ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.
5. ശ്രീമതി ജെസ്സി ജോർജ്ജ്, ഡെപ്യൂട്ടി സെക്രട്ടറി, പിന്നോക്ക സമുദായ വികസന വകുപ്പ്.
6. ശ്രീ.റാൽഫ് ഫരിയ, പ്രസിഡന്റ് ഇൻ ചീഫ്, യൂണിയൻ ഓഫ് ആംഗ്ലോ ഇന്ത്യൻ അസോസിയേഷൻ.
7. ശ്രീ.ആന്റണി ആൽബർട്ട്, പ്രസിഡന്റ്, ലാറ്റിൻ കാത്തലിക് അസോസിയേഷൻ
8. ശ്രീ.ഡെന്നീസ് ഡികോസ്റ്റാ, ജനറൽ സെക്രട്ടറി, ആൾ കേരള യൂണിയൻ ഓഫ് ആംഗ്ലോ ഇന്ത്യൻ അസോസിയേഷൻ.
9. ശ്രീ. മാർഷൽ ഡി'കുൻഹാ, ജനറൽ സെക്രട്ടറി, യൂണിയൻ ഓഫ് ആംഗ്ലോ ഇന്ത്യൻ അസോസിയേഷൻ.
10. ശ്രീ. പ്രദീപ് കെ.ആർ., അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്
11. ശ്രീ. സ്റ്റാൻലി ഗോൺസാൽവസ്, പ്രസിഡന്റ്, ആംഗ്ലോ ഇന്ത്യൻ മൾട്ടി പർപ്പസ് സൊസൈറ്റി

Bindu T

സെക്ഷൻ ഓഫീസർ